# രണ്ടാം പാദവാർഷിക മൂല്യനിർണയം 2017
# സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : IX

സമയം : 2½ മണിക്കൂർ
ആകെ സ്കോർ : 80

---

**നിർദേശങ്ങൾ:**

- പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 16 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.**

1. രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരുടെ തെരഞ്ഞെടുപ്പുകൾ നടത്തുന്ന സ്വതന്ത്ര സ്ഥാപനമേത്? (1)

2. ഭൗതിക ജീവിതഗുണനിലവാര സൂചികയിൽ പരിഗണിക്കപ്പെടാത്ത ഘടകമേത്? (1)

   എ. പ്രതീക്ഷിത ആയുർദൈർഘ്യം

   ബി. പ്രതിശീർഷവരുമാനം

   സി. ശിശുമരണനിരക്ക്

   ഡി. അടിസ്ഥാനസാക്ഷരത

3. ഏറ്റവും വലിയ ശിലാമണ്ഡല ഫലകമേത്? (1)

4. ചുവടെ നൽകിയിരിക്കുന്നവരിൽ ജ്യോതിശാസ്ത്രത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞൻ ആര്? (1)

   എ. ഭാസ്കര - 2

   ബി. റോജർബേക്കൺ

   സി. അൽബറൂണി

   ഡി. മുഹമ്മദ് അൽ റാസി

5. സാർവത്രിക പ്രായപൂർത്തി വോട്ടവകാശം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? (2)

6. മധ്യകാല ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന ഇടങ്കൈ ജാതികൾ, വലങ്കൈ ജാതികൾ എന്നിവ തമ്മിലുള്ള വ്യത്യാസമെന്ത്? (2)

7. വികസന സൂചികയെന്ന നിലയിൽ പ്രതിശീർഷവരുമാനത്തിനുള്ള രണ്ട് പോരായ്മകൾ എഴുതുക. (2)

8. നിർബന്ധിത കുടിയേറ്റം, ആകർഷക കുടിയേറ്റം എന്നിവയ്ക്ക് ഓരോ ഉദാഹരണങ്ങൾ വീതം എഴുതുക. (2)

9. സൂഫിസം മുന്നോട്ട് വച്ച ഏതൊക്കെ ആശയങ്ങളാണ് ഇന്ത്യയുടെ സാംസ്കാരിക സമന്വയത്തിന് കാരണമായത്? (2)

10. അഗ്നിപർവ്വതങ്ങൾ മനുഷ്യന് ഉപകാരപ്പെടുന്നു എന്നത് സൂചിപ്പിക്കുന്ന രണ്ട് ഉദാഹരണങ്ങൾ എഴുതുക. (2)

11. ഫ്യൂഡലിസത്തിന്റെ പതനത്തിന്റെ കാരണങ്ങൾ സൂചിപ്പിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക. (3)




12. രാഷ്ട്രീയ പാർട്ടികളുടെ പ്രധാന ചുമതലകൾ ഏവ? (3)

13. ചുവടെ നൽകിയിരിക്കുന്ന വാസസ്ഥലമാതൃകകൾ രൂപംകൊള്ളുന്ന സാഹചര്യങ്ങൾ വ്യക്തമാക്കുക. (3)

i. നക്ഷത്രാകൃതി

ii. രേഖാകൃതി

iii. വൃത്താകൃതി

14. താഴെ നൽകിയിരിക്കുന്ന ചിത്രം ഏതുതരം മഴയെ സൂചിപ്പിക്കുന്നു? ഇത്തരം മഴകൾ രൂപംകൊള്ളുന്നതെങ്ങനെ? (3)



15. ഭൂരൂപങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക. (4)

| ഭൂരൂപങ്ങൾ | രൂപീകരണഘട്ടം | അപരദനം/നിക്ഷേപണം |
|---|---|---|
| വെള്ളച്ചാട്ടം | ഉപരിഘട്ടം | എ. .............................. |
| ഡൽറ്റ | ബി. .............................. | നിക്ഷേപണം |

16. 'എ' കോളത്തിൽ നൽകിയിരിക്കുന്നവയ്ക്ക് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി ക്രമപ്പെടുത്തുക. (4)

| എ | ബി |
|---|---|
| മീരാഭായി | ദോഹ |
| കബീർ | ഭജൻ |
| ഗുരുനാനാക്ക് | വചനസാഹിത്യം |
| ബസവണ്ണ | ഷബാദ് |

**17 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 4 സ്കോർ വീതം.**

**(8x4 = 32)**

17. മിയാൻഡറുകളും ഓക്സ്ബോ തടാകങ്ങളും രൂപംകൊള്ളുന്നതെങ്ങനെ?
18. അലാവുദ്ദീൻ ഖൽജി നടപ്പിലാക്കിയ കമ്പോള പരിഷ്കരണത്തിന്റെ സവിശേഷതകൾ ഏവ?
19. സാമൂഹിക പരിഷ്കരണത്തിൽ വീരശൈവ പ്രസ്ഥാനത്തിന്റെ പങ്ക് വിശദമാക്കുക.
20. തീരദേശങ്ങളിൽ കടലാക്രമണത്തെ പ്രതിരോധിക്കുന്ന രണ്ട് സ്വാഭാവിക മാർഗങ്ങളും രണ്ട് മനുഷ്യനിർമ്മിത മാർഗങ്ങളും എഴുതുക.
21. ഭക്തിപ്രസ്ഥാനം ഇന്ത്യൻ സാമൂഹികവ്യവസ്ഥയിൽ വരുത്തിയ ഗുണപരമായ മാറ്റങ്ങൾ ഏവ?
22. സുസ്ഥിരവികസനം എന്നാൽ എന്ത്? അതിന്റെ മൂന്ന് ലക്ഷ്യങ്ങൾ ഏവ?
23. സിർക്കുകളും മൊറൈനുകളും ഹിമാനികളുടെ പ്രവർത്തനഫലമായി രൂപംകൊള്ളുന്ന വ്യത്യസ്ത ഭൂരൂപങ്ങളാണ്. ഇവ തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
24. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകൾ ഏതൊക്കെ മൗലിക അവകാശങ്ങളുമായി ബന്ധപ്പെട്ടവയാണ്?

    എ. അഭിപ്രായ പ്രകടനത്തിനുള്ള അവകാശം

    ബി. സ്ത്രീ-പുരുഷ വിവേചനം ഇല്ലാതാക്കൽ

    സി. ഭാഷ സംരക്ഷിക്കുവാനുള്ള അവകാശം

    ഡി. കുട്ടികൾക്ക് അപകടകരമായ തൊഴിൽ സാഹചര്യങ്ങളിൽ നിന്നുള്ള സംരക്ഷണം
25. സ്റ്റാലക്റ്റൈറ്റുകളും സ്റ്റാലഗ്മൈറ്റുകളും രൂപംകൊള്ളുന്നതെങ്ങനെ?
26. കച്ചവട പുരോഗതിക്കായി മധ്യകാല ഇന്ത്യയിലെ ഭരണാധികാരികൾ സ്വീകരിച്ച നടപടികളിൽ ഒന്നാണ് കച്ചവടക്കാർക്ക് വായ്പകൾ നൽകിയത്. മറ്റ് നാല് നടപടികൾ എഴുതുക.

**27 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 6 സ്കോർ വീതം**

**(2x6 = 12)**

27. മുഗൾ ഭരണകാലത്തെയും മറാത്ത ഭരണകാലത്തെയും പ്രാദേശിക ഭരണരീതികൾ വിശദമാക്കുക.
28. ചോളഭരണകാലത്ത് നിലനിന്നിരുന്ന ഗ്രാമസ്വയംഭരണ സംവിധാനത്തിന്റെ സവിശേഷതകൾ വിവരിക്കുക.
29. സമുദ്രങ്ങൾ മനുഷ്യന് എങ്ങനെ പ്രയോജനപ്പെടുന്നുവെന്ന് സൂചനകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.

    (സൂചനകൾ : കാലാവസ്ഥ - കുടിവെള്ളം - വൈദ്യുതി)
30. വാവുവേലികളും സപ്തമിവേലികളും രൂപംകൊള്ളുന്നതെങ്ങനെയെന്ന് ചിത്രങ്ങളുടെ സഹായത്തോടെ വിശദമാക്കുക.